LIBRARY ARCHIVES Kerala Legislative Assembly

സ്വയം പര്യാപ്ത ഗ്രാമങ്ങൾ പദ്ധതി

330(2799) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'സ്വയംപര്യാപ്ത ഗ്രാമങ്ങൾ പദ്ധതി'-യുടെ ഭാഗമായി ഓരോ മണ്ഡലത്തിലും അനുവദിച്ച പദ്ധതികളുടെ വിശദ വിവരം നൽകുമോ;

(ബി) ഇവയുടെ പ്രവർത്തന പുരോഗതി വിലയിരുത്തപ്പെടുന്നുണ്ടോ; വിശദമാക്കുമോ;

(സി) 2015-16 വർഷം പ്രസ്തുത പദ്ധതി അനുവദിച്ചതിന്റെ കണക്കും സ്ഥലവും സംബന്ധിച്ച വിവരം വിശദമാക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) വിലയിരുത്താറുണ്ട്. ബന്ധപ്പെട്ട നിർവ്വഹണ ഏജൻസികളുടെയും പട്ടികജാതി വികസന ഓഫീസർമാരുടെയും യോഗം ജില്ലാതലത്തിലും സംസ്ഥാനതലത്തിലും വിളിച്ചുചേർത്ത് പുരോഗതി വിലയിരുത്താറുണ്ട്.

(സി) 2015-16 വർഷം പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടില്ല.

പെരിങ്ങോട്ടുകുറിശ്ശി മോഡൽ റസിഡൻഷ്യൽ സ്കൂൾ

331(2800) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിങ്ങോട്ടുകുറിശ്ശി മോഡൽ റസിഡൻഷ്യൽ സ്കൂളിൽ അടുത്ത അദ്ധ്യയന വർഷം മുതൽ പ്ലസ് വൺ ക്ലാസ്സ് ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ക്ലാസ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം ;

(സി) ഏതെല്ലാം ഗ്രൂപ്പുകളാണ് ആരംഭിക്കാൻ ശിപാർശ ചെയ്തിട്ടുള്ളതെന്നും ഓരോ ഗ്രൂപ്പിലും എത്ര കുട്ടികൾക്ക് വീതം പ്രവേശനം ലഭിക്കുമെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ക്ളാസ്സുകൾക്കാവശ്യമായ സ്ഥലം, ഹോസ്റ്റൽ, ലബോറട്ടറി, അദ്ധ്യാപകർ എന്നിവയ്ക്ക് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി-ഡി) കഴൽമന്ദം (പെരിങ്ങോട്ടുകുറിശ്ശി) എം.ആർ.എസ്.-ൽ പ്ലസ് 1 ക്ലാസ്സുകൾ ആരംഭിക്കുന്നതിനായി ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു (ക്ലാസ്സ് റൂമുകളിലേക്കാവശ്യമായ ഫർണിച്ചർ, ഹോസ്റ്റലിലേക്കാ വശ്യമായി വരുന്ന ഫർണിച്ചർ മുതലായവ). ഹയർ സെക്കണ്ടറി ആരംഭിക്കുന്നതിന് ക്ലാസുകൾക്കാവശ്യമായ സ്ഥലം, ഹോസ്റ്റൽ സൗകര്യങ്ങൾ എന്നിവ നിലവിലുണ്ട്. നിലവിൽ ഹൈസ്കൂൾ ലാബിന് അനുമതി നൽകിയിട്ടുണ്ട്. ഹയർ സെക്കണ്ടറി വിഭാഗം ആരംഭിക്കുന്നതിന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

OEC വിഭാഗത്തിൽപ്പെടുന്ന സ്കൂൾ കുട്ടികൾക്കുള്ള ലംപ്സം ഗ്രാന്റ്

332(2801) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻകാലങ്ങളിൽ ഒ. ഇ. സി. വിഭാഗത്തിൽപെടുന്ന 1 മുതൽ 10 വരെയുള്ള സ്കൂൾ കുട്ടികൾക്കുള്ള ലംപ്സം ഗ്രാന്റ് നൽകിയിരുന്നത് എത് വകുപ്പ് മുഖേനയായിരുന്നു;

(ബി) 2015-16 മുതൽ ഇതിന് മാറ്റം വരുത്തിയിട്ടുണ്ടോ; ഏത് ഡിപ്പാർട്ടുമെന്റിനെയാണ് ഇതിന്റെ വിതരണച്ചുമതല ഏൽപ്പിച്ചിട്ടുള്ളത്; സ്കൂൾ തുറന്ന് മാസങ്ങൾ കഴിഞ്ഞിട്ടും ഈ വിഭാഗത്തിലെ കുട്ടികൾക്ക് ഗ്രാന്റ് ലഭിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഈ വിഭാഗത്തിലെ കുട്ടികൾക്കുള്ള ഗ്രാന്റ് വിതരണം മുൻ വർഷങ്ങളിലെപ്പോലെ പട്ടികജാതി വകുപ്പിനെ തന്നെ ഏൽപ്പിക്കാനും ആയത് അടിയന്തരമായി വിതരണം ചെയ്യാനും നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly